ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19.12.2025**

## പ്രധാനവാർത്തകൾ

1) ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു

2) യോഗ ലോകത്തിനൊന്നടങ്കം ആരോഗ്യത്തിലേക്കും സൗഖ്യത്തിലേക്കുമുള്ള മാർഗ്ഗം കാട്ടിത്തന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി

3) തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർ ചട്ടങ്ങളിലും സാങ്കേതിക കാര്യങ്ങളിലും അവബോധം ഉള്ളവരായിരിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ.

4) തദ്ദേശ തിരഞ്ഞെടുപ്പ് വിജയകരമായി നടത്തിയതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനെ അഭിനന്ദിച്ച് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ

5) മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് തിരുവനന്തപുരത്ത് സമാപനം.

6) ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അഞ്ചാം മത്സരത്തിന് അൽപസമയത്തിനകം തുടക്കം.

***************

PNU TVPM

## പാർലമെൻറ്

ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. സമ്മേളന കാലയളവിൽ 15 ദിവസമാണ് സഭ ചേർന്നത്. ലോക്സഭ 92 മണിക്കൂർ 25 മിനുട്ട് ചേർന്നതായും, സഭയുടെ പ്രവർത്തനം 111 ശതമാനം കാര്യക്ഷമമായിരുന്നു എന്നും സ്പീക്കർ ഓം ബിർള അറിയിച്ചു. വികസിത് ഭാരത് -ജി റാം ജി ബിൽ, ആണവോർജ്ജ വിനിയോഗ ബിൽ തുടങ്ങി എട്ട് ബില്ലുകൾ ലോക്സഭ ശീതകാല സമ്മേളനത്തിൽ പാസ്സാക്കി. രാജ്യസഭ 121 ശതമാനം കാര്യക്ഷമതയോടെ 92 മണിക്കൂർ പ്രവർത്തിച്ചതായി സഭാ അധ്യക്ഷൻ സിപി രാധാകൃഷ്ണൻ പറഞ്ഞു. ഉയർന്ന നിലവാരമുള്ള ചർച്ചകളാണ് ശീതകാല
സമ്മേളനത്തിൽ രാജ്യസഭയിൽ നടന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

***************

## പിഎം.ആഗോള ഉച്ചകോടി (ഇൻട്രോ)

യോഗ ലോകത്തിനൊന്നടങ്കം ആരോഗ്യത്തിലേക്കും സൗഖ്യത്തിലേക്കുമുള്ള മാർഗ്ഗം കാട്ടിത്തന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി . പരമ്പരാഗത ചികിത്സാ സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന രണ്ടാമത് ആഗോള ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. പാരമ്പര്യ ചികിത്സയുമായി ബന്ധപ്പെട്ട് ഫലപ്രദമായ ചർച്ചകൾക്കാണ് ഉച്ചകോടി വേദിയായതെന്ന് പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

മൈ ആയുഷ് ഇന്റഗ്രേറ്റഡ് സർവീസസ് പോർട്ടൽ, ആയുഷ് ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള ആയുഷ് മാർക്ക്, അശ്വഗന്ധ സ്മരണിക സ്റ്റാമ്പ് തുടങ്ങിയവ പ്രധാനമന്ത്രി

RNU TVPM

ചടങ്ങിൽ പ്രകാശനം ചെയ്തു. യോഗയുടെ പ്രോത്സാഹനത്തിനായി 2021-25 കാലയളവിൽ അതുല്യ സംഭാവന നൽകിയവർക്കുള്ള പുരസ്കാരങ്ങളും അദ്ദേഹം ചടങ്ങിൽ സമ്മാനിച്ചു. WHO മേധാവി ടെഡ്രോസ് അധനോം ഗബ്രിയേസസ്, കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി നഡ്ഡ തുടങ്ങിയ പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

***************

## <u>മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ</u>

തിരഞ്ഞെടുപ്പ് ചുമതലയുള്ള ഉദ്യോഗസ്ഥർ ചട്ടങ്ങളിലും സാങ്കേതിക കാര്യങ്ങളിലും അവബോധം ഉള്ളവരായിരിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ.

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ എഫ്.എൽ.സി മാർക്കായി കൊച്ചിയിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചട്ടങ്ങൾക്കൊപ്പം ഇ.വി.എം, വിവിപാറ്റ് എന്നിവ കൈകാര്യം ചെയ്യുന്നതിലും ഉദ്യോഗസ്ഥർക്ക് അറിവുണ്ടായിരിക്കണം. കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നത് തിരഞ്ഞെടുപ്പ് പ്രക്രിയ സുഗമമാക്കും എന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

***************

## <u>തിരഞ്ഞെടുപ്പ് കമ്മീഷണറെ അഭിനന്ദിച്ചു</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പ് വിജയകരമായി നടത്തിയതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനെ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അഭിനന്ദിച്ചു. പൊതുതിരഞ്ഞെടുപ്പിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ ലോക് ഭവനിൽ എത്തിയ കമ്മീഷണറെ ഗവർണർ പൊന്നാടയണിയിച്ചു. സമാധാനപരമായും

പരാതിരഹിതമായും തിരഞ്ഞെടുപ്പ് നടത്തിയതിൽ ഗവർണർ സന്തുഷ്ടി രേഖപ്പെടുത്തി.

***************

<u>സത്യപ്രതിജ്ഞ</u>

തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഞായറാഴ്ച നടക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുളള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

***************

<u>ലോക് ഭവൻ ആദരിക്കുന്നു</u>

വലിയ ശക്തി ആയിരുന്നിട്ടും ഒത്തൊരുമ ഇല്ലാത്തത് കാരണമാണ് വിദേശ ശക്തികൾക്ക് ഭാരതത്തെ കോളനിയാക്കാൻ കഴിഞ്ഞതെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ഗോവ വിമോചന ദിനത്തോടനുബന്ധിച്ച് ലോക് ഭവനിൽ, കേരളത്തിൽ നിന്നും ഗോവ വിമോചന സമരത്തിൽ പങ്കെടുത്തവരുടെ കുടുംബാംഗങ്ങളെ ആദരിക്കുന്ന ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ഗോവയെ മോചിപ്പിക്കാൻ ഭാരതം ഒരുമിച്ചതായും, രാജ്യത്തിന്റെ നാനാ ഭാഗത്തു നിന്നുമുള്ളവർ ഗോവ വിമോചന സമരത്തിൽ പങ്കെടുത്തതായും ശ്രീ ആർലേക്കർ പറഞ്ഞു.

***************

<u>ജോർജ്ജ് കുര്യൻ</u>

ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 ന് നാളെ തുടക്കം . എറണാകുളം

RNU TVPM

മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര ഗ്രൗണ്ടിൽ നടക്കുന്ന പരിപാടി കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ വൈകുന്നേരം ഉദ്ഘാടനം ചെയ്യും. ഡിസംബർ 29 വരെ നടക്കുന്ന മേളയിൽ പൊതുജനങ്ങൾക്ക് സൗജന്യമായി പങ്കെടുക്കാം.

***************

## ബ്രൂവറി

പാലക്കാട് എലപ്പുള്ളിയിൽ ബ്രൂവറിയ്ക്ക് സംസ്ഥാന സർക്കാർ നൽകിയ അനുമതി ഹൈക്കോടതി റദ്ദാക്കി. ഒയേസിസ് കമ്പനിക്ക് നൽകിയ പ്രാഥമിക അനുമതിയാണ് കോടതി റദ്ദാക്കിയത്.

വിഷയത്തിൽ കൃത്യമായ പഠനം നടത്തിയിട്ടില്ലെന്നും വിശദമായ പഠനം നടത്തിയ ശേഷം നടപടിക്രമങ്ങൾ പാലിച്ച് പുതിയ തീരുമാനമെടുക്കാമെന്നും പൊതുതാൽപര്യ ഹർജിയിൽ ഹൈക്കോടതി ഉത്തരവിട്ടു. എന്നാൽ കോടതി ഉത്തരവ് സർക്കാരിനേറ്റ തിരിച്ചടിയല്ലെന്ന് മന്ത്രി എംബി രാജേഷ് പാലക്കാട്ട് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ കമ്പനി അപേക്ഷ നൽകിയാൽ സർക്കാരിന് പരിഗണിക്കാമെന്ന് പറഞ്ഞ കോടതി, വിഷയത്തിൽ സർക്കാരിനെ കുറ്റപ്പെടുത്തിയിട്ടില്ലെന്നും മന്ത്രി വ്യക്തമാക്കി.

***************

## ശബരിമല-സ്വർണ്ണക്കൊള്ള

ശബരിമല സ്വർണക്കൊള്ള എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അന്വേഷിക്കും. കേസുമായി ബന്ധപ്പെട്ട എല്ലാ രേഖകളുടെയും പകർപ്പ് ഇ.ഡി. ക്ക് നൽകാൻ കൊല്ലം വിജിലൻസ് കോടതി ഉത്തരവിട്ടു. ഇഡി അന്വേഷണം ആവശ്യമില്ല എന്ന പ്രത്യേക അന്വേഷണ സംഘത്തിൻറെ നിലപാട് തള്ളിക്കൊണ്ടാണ് കോടതിയുടെ നിർദ്ദേശം.

***************

RNI TVPM

## സ്പോട്ട് ബുക്കിങ്ങ്

പുല്ലുമേട് കാനനപാത വഴിയുള്ള ശബരിമല തീർത്ഥാടകരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ
വണ്ടിപ്പെരിയാർ സത്രത്തിലൂടെ സ്പോട്ട് ബുക്കിംഗ് വഴി ഒരു ദിവസം ആയിരം തീർത്ഥാടകരെ മാത്രം കടത്തി വിടാൻ തീരുമാനം. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് നടപടി. വിർച്ച്വൽ ക്യൂ
വഴി വണ്ടിപെരിയാർ- പുല്ലുമേട് പാത തിരഞ്ഞെടുത്ത് ബുക്ക് ചെയ്ത
തീർത്ഥാടകർക്ക് നിയന്ത്രണം ബാധകമല്ല. കുത്തനെയുള്ള കയറ്റങ്ങളും ചെങ്കുത്തായ ഇറക്കങ്ങളും ഉൾപ്പെടെ 16 കിലോമീറ്റർ ദൈർഘ്യം ഉള്ള പുല്ലുമേട് കാനനപാതയിലൂടെയുള്ള യാത്ര, കുട്ടികളും പ്രായമായവരും പരമാവധി
ഒഴിവാക്കണമെന്ന് ദേവസ്വം ബോർഡ് അഭ്യർത്ഥിച്ചു.

***************

## ഐഎഫ്എഫ്കെ

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ സമാപന ചടങ്ങ് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ പുരോഗമിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ സമാപന സമ്മേളനം അൽപസമയത്തിനകം ഉദ്ഘാടനം ചെയ്യും. സിനിമ രംഗത്ത് 50 വർഷം പൂർത്തിയാക്കിയ സംവിധായകൻ സയീദ് മിർസയെ ചടങ്ങിൽ ആദരിക്കും. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് അബ്ദെറഹ്മാൻ സിസാക്കോയ്ക്ക് മുഖ്യമന്ത്രി പുരസ്കാരം സമ്മാനിക്കും. സുവർണ ചകോരം ഉൾപ്പെടെയുള്ള പുരസ്കാരങ്ങളും അൽപസമയത്തിനകം പ്രഖ്യാപിക്കും. സമാപന ചടങ്ങിന് ശേഷം സുവർണ ചകോരം നേടിയ സിനിമ നിശാഗന്ധിയിൽ പ്രദർശിപ്പിക്കും.

***************

RNUTVPM

## കേക്ക് വിപണന മേള (ഇൻട്രോ)

ക്രിസ്തുമസ് പുതുവർഷാഘോഷങ്ങൾക്ക് മധുരമേകാൻ കേക്ക് വിപണന മേളയൊരുക്കി കുടുംബ ശ്രീ. സംസ്ഥാനമൊട്ടാകെ മുന്നൂറിലേറെ കേക്ക് വിപണന മേളകളാണ് ഇക്കുറി സംഘടിപ്പിക്കുന്നത്. കുടുംബശ്രീയുടെ പോക്കറ്റ്മാർട്ട് ആപ് വഴി ഓൺലൈനായും കേക്കുകൾ ഓർഡർ ചെയ്യാം.
ഒരു റിപ്പോർട്ട്.
(വോയ്സ്)

*ക്രിസ്തുമസ് പുതുവർഷാഘോഷങ്ങൾക്ക് മധുരമേകി ജില്ലാതലത്തിലും സി.ഡി.എസ്സ്തലത്തിലും കുടുംബശ്രീയുടെ കേക്ക് വിപണന മേളകൾ ആരംഭിച്ചു. കുടുംബശ്രീ സംരംഭകർ തയ്യാറാക്കുന്ന മാർബിൾ, പ്ളം, ബ്ളാക്ക് ഫോറസ്റ്റ്, റെഡ് വെൽവറ്റ്, കോക്കനട്ട് കേക്ക്, ചോക്ളേറ്റ് കേക്ക്, കോഫീ കേക്ക്, ചീസ് കേക്ക്, ഫ്രൂട്ട്സ് കേക്ക്, കാരറ്റ് കേക്ക് തുടങ്ങി വിവിധ തരം കേക്കുകളാണ് 250 രൂപ മുതൽ ലഭ്യമാവുക. കുടുംബശ്രീയുടെ പോക്കറ്റ്മാർട്ട് ആപ് വഴി ആവശ്യക്കാർക്ക് എപ്പോൾ വേണമെങ്കിലും കേക്കുകൾ ഓർഡർ ചെയ്തു വാങ്ങാം. ജില്ലാതല വിപണന മേളകൾക്കൊപ്പം ഭക്ഷ്യമേളയും ഊർജിതമാണ്. കേക്ക് വിപണന മേളകൾ 25 ന് അവസാനിക്കും.*

RNUTVPM

***************

## സ്ത്രീ-തെയ്യം-കണ്ണൂർ (ഇൻട്രോ)

സ്ത്രീ തന്നെ സ്ത്രീ തെയ്യം കെട്ടുന്ന ഒരു ക്ഷേത്രം കണ്ണൂരിൽ ഉണ്ട്. കണ്ണൂർ ചെറുകുന്ന് തെക്കുംമ്പാട് കൂലോം തായക്കാവ് ഭഗവതി ക്ഷേത്രം.
ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കി റിപ്പോർട്ട്.
(വോയ്സ്)

***************

## ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 പരമ്പരയിലെ അഞ്ചാമത്തെയും അവസാനത്തെയും മത്സരം ഇന്ന്. അഹമ്മദാബാദ് സ്റ്റേഡിയത്തിൽ രാത്രി 7 മണിക്കാണ് കളി ആരംഭിക്കുക. പരമ്പരയിൽ നിലവിൽ 2-1 ന് മുന്നിലാണ് ഇന്ത്യ.

***************

## സൂപ്പർ ലീഗ് കേരള ഫുട്ബോൾ

സൂപ്പർ ലീഗ് കേരള ഫുട്ബോൾ ഫൈനലിൽ ഇന്ന് കണ്ണൂർ വാരിയേഴ്സും, തൃശൂർ മാജിക് എഫ്സിയും ഏറ്റുമുട്ടും. കണ്ണൂർ ജവഹർ സ്റ്റേഡിയത്തിൽ രാത്രി 7.30നാണ് മത്സരം.

***************

## കാഴ്ചപരിമിതരുടെ ദേശീയ ക്രിക്കറ്റ്

കാഴ്ചപരിമിതരുടെ ദേശീയ ക്രിക്കറ്റ് ടൂർണമെന്റായ 8-ാമത് നാഗേഷ് ട്രോഫി ഗ്രൂപ്പ് മത്സരങ്ങൾ ഈ മാസം 22 മുതൽ 26 വരെ കർണാടകയിലെ ഹുബ്ബള്ളിയിൽ നടക്കും. കർണാടക, മഹാരാഷ്ട്ര, രാജസ്ഥാൻ, ഹിമാചൽ പ്രദേശ് ടീമുകൾക്കൊപ്പം ഗ്രൂപ്പ് സിയിലാണ് ഇത്തവണ കേരളം മത്സരിക്കുക. ഈ മാസം 22 ന് ഹിമാചൽ പ്രദേശിനെതിരെയാണ് കേരളത്തിന്റെ ആദ്യ മത്സരം. അർജുൻ പി ആണ് ടീം ക്യാപ്റ്റൻ.

***************

***************

*******

PHUTVPM